**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ഇ-ടെൻഡർ പോർട്ടൽ മുഖേനയല്ലാതെ manual quotation വിളിച്ച് പ്രവർത്തി ക്രമീകരിച്ച കോഴിക്കോട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ നടപടി - സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (പിഎസ്) വകുപ്പ്**

സ.ഉ.(സാധാ) നം.353/2026/PWD തിരുവനന്തപുരം, തീയതി,08-03-2026

---

പരാമർശം:- പൊതുമരാമത്ത് (നിരത്ത് വിഭാഗം) ചീഫ് എഞ്ചിനീയറുടെ 03/02/2026, 11.02.2026 തീയതികളിലെ CEPWD/21465/2025-C2(W)-RD നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

03.11.2025ന് ഭാരം കയറ്റിയ വാഹനം ഫെറോക്ക് മുനിസിപ്പാലിറ്റിക്ക് സമീപം റെസിഡൻഷ്യൽ പ്രോപ്പർട്ടിയിലേക്ക് തെന്നി വീണ്, ഓൾഡ് എൻ.എച്ച് ഫെറോക്ക് റോഡിന്റെ പാർശ്വഭിത്തി ഭാഗികമായി തകരുകയുണ്ടായി. ജനങ്ങളുടെയും വാഹനങ്ങളുടെയും സുരക്ഷ കണക്കിലെടുത്ത് തകർന്ന മതിൽ പുനസ്ഥാപിക്കുന്നതിന് Waving of Tender call പ്രകാരം negotiated quotation വിളിച്ച് താഴെ പറയുന്ന പ്രവൃത്തികൾ കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചീനിയർ ക്രമീകരിക്കുകയുണ്ടായി;

1. PWD/RB/EST/21153/2025_5_1_1 ] GENERAL-Reconstruction of Damaged Retaining wall on Old NH Feroke-bet . 1/900 and 1/930 LHS-General Civil Work

2. PWD/RB/EST/21163/2025_5_1_1 ] GENERAL-Reconstruction of Damaged Retaining wall on Old NH Feroke-bet . 1/930 and 1/960 LHS-General Civil Work

പ്രവൃത്തിയുടെ അടിയന്തര പ്രാധാന്യം പരിഗണിച്ച് ഇ-ടെൻഡർ പോർട്ടൽ മുഖേന അല്ലാതെ manual quotation വിളിച്ച് പ്രവർത്തി ക്രമീകരിച്ച കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നടപടി ചീഫ് എഞ്ചീനിയർ സാധൂകരിച്ചത് അംഗീകരിക്കണമെന്ന് പൊതുമരാമത്ത് നിരത്തു വിഭാഗം ചീഫ് എഞ്ചിനീയർ, പരാമർശിത കത്ത് പ്രകാരം, അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽപ്രവർത്തികൾ അടിയന്തിര സാഹചര്യത്തിൽ ചെയ്യുതായതിനാൽ , ഇ-ടെൻഡർ പോർട്ടൽ മുഖേന അല്ലാതെ manual quotation വിളിച്ച് പ്രവർത്തി നടപ്പിലാക്കിയ കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചീനിയറുടെ നടപടി

സാധൂകരിച്ച്  ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ബിജു ഐ എ എസ്**

**സെക്രട്ടറി**

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തു വിഭാഗം), തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(എ&ഇ)/ആഡിറ്റ്),കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ,(എ&ഇ)/ആഡിറ്റ്), കേരളം, തൃശ്ശൂർ

ധനകാര്യ (ബഡ്ജറ്റ് വിംഗ്) വകുപ്പ്

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി(പിഎസ്2/159/2026)

ഉത്തരവിൻ പ്രകാരം

Signed by

Aneesh S

Date: 09-03-2026 11:57:00

സെക്ഷൻ ഓഫീസർ